# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : **202** — **18.03.2015**- ലെ മറുപടിക്ക്

## സഹകരണ മേഖലയിൽ ആശ്വാസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നിബഹനാൻ<br>,, ജോസഫ് വാഴയ്ക്കൻ<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, വി.ഡി.സതീശൻ | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ മേഖലയിൽ ഇപ്പോൾ ആശ്വാസ് പദ്ധതി നിലവിലുണ്ടോ; എങ്കിൽ ഏത് കാലയളവിലേക്കാണ് പദ്ധതി നടപ്പാക്കുന്നത് ; | (എ) ഉണ്ട്. 2015 ഫെബ്രുവരി 1 മുതൽ മാർച്ച് 30 വരെയാണ് 'ആശ്വാസ്' പദ്ധതി നടപ്പിലാക്കുന്നത്. |
| ബി) മുമ്പ് നടപ്പാക്കിയ ആശ്വാസ് പദ്ധതിയിൽ നിന്ന് വ്യത്യസ്തമായി എന്തെല്ലാം പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കുന്നത്; | (ബി) മുമ്പ് നടപ്പിലാക്കിയിട്ടുള്ള ആശ്വാസ് പദ്ധതികളിൽ നിന്നും വ്യത്യസ്തമായി സഹകരണ അദാലത്ത്, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നിങ്ങനെ രണ്ട് ഘട്ടമായാണ് ആശ്വാസ് 2015 പദ്ധതി നടപ്പിലാക്കുന്നത്. കരുതൽ വെക്കേണ്ടി വന്നതും, സംഘങ്ങളുടെ/ബാങ്കുകളുടെ നഷ്ടത്തിന് ഇടയാകുന്നതുമായ കുടിശ്ശിക/നിഷ്ക്രിയ ആസ്തിയായ, 2015 ജനുവരി 31-ന് പൂർണ്ണമായോ ഭാഗീകമായോ കുടിശ്ശികയായ 10 ലക്ഷം രൂപ വരെയുള്ള വായ്പകൾ സംഘം/ബാങ്ക് തലത്തിൽ നടത്തുന്ന അദാലത്തിലൂടെ തീർപ്പാക്കാവുന്നതാണ്. 100%വും കരുതൽ വയ്ക്കേണ്ടിവന്ന വായ്പകൾ പ്രത്യേകം പരിഗണന നൽകി അദാലത്തിലൂടെ ആശ്വാസ് 2015 പദ്ധതി പ്രകാരം തീർപ്പാക്കാവുന്നതാണ്.<br>എന്നാൽ 10 ലക്ഷം രൂപയ്ക്ക് മുകളിലുള്ള കുടിശ്ശികയായ വായ്പകൾ അദാലത്തിന്റെ പരിഗണനയിൽ വരാത്തതിനാൽ അത്തരം വായ്പകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ ബാക്കി നിൽപ്പ് മുതൽ തുക, വായ്പ എടുക്കുമ്പോൾ നിലവിലുണ്ടായിരുന്ന പലിശനിരക്കോ, നിലവിലുള്ള പലിശ നിരക്കോ ഏതാണ് കുറവ് ആയത് പ്രകാരമുള്ള പലിശ നിരക്കിൽ അടച്ച് തീർക്കാവുന്നതുമാണ്. |
| സി) ആശ്വാസ് പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ഏതെല്ലാം വായ്പകളാണ് വിശദമാക്കാമോ? | (സി) 2015 ജനുവരി 31 ന് കുടിശ്ശികയായ, കാർഷികവും കാർഷികേതരവുമായ വായ്പകളാണ് ആശ്വാസ് 2015 പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ